(സി) അട്ടൂരിൽ സബ് കോടതി അനുവദിക്കുന്നതു സംബന്ധിച്ചും അനുബന്ധ ലിസ്റ്റ് പ്രകാരമുള്ള മുൻഗണനാക്രമം ലംഘിച്ച് ഏതെങ്കിലും തരത്തിലുള്ള നടപടി മറ്റ് സ്ഥലങ്ങളിൽ സബ് കോടതികൾ അനുവദിക്കുന്നതിനുവേണ്ടി എടുത്തിട്ടുണ്ടോ ;

(ഡി) പ്രസ്തുത നടപടിക്ക് കാരണമായ സാഹചര്യങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) 20-9-2011-ലെ സ.ഉ.(സാധാ) നമ്പർ 2811/2011/ആഭ്യന്തരം പ്രകാരം അട്ടൂരിൽ സബ് കോടതി ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 6-7-2009-ലെ സ.ഉ. (സാധാ) നമ്പർ 1919/09/ആഭ്യന്തരം പ്രകാരമുള്ള പരിഗണനാ പട്ടികയിൽ ക്രമ നമ്പർ 11-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(ബി) പരിഗണന പട്ടികയിൽ നിന്നും സബ് കോടതി കണ്ണൂർ, ചാവക്കാട്, കരുനാഗപ്പള്ളി എന്നിവ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

(സി&ഡി) മുൻഗണനാക്രമം ലംഘിച്ചുകൊണ്ട് പരിഗണന പട്ടികയിൽ നിന്നും കരുനാഗപ്പള്ളി, കണ്ണൂർ, ചാവക്കാട് എന്നീ സ്ഥലങ്ങളിൽ സബ് കോടതികൾ ആരംഭിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിൽ 2009-10 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്നും കണ്ണൂർ, ചാവക്കാട് എന്നിവിടങ്ങളിൽ കോടതി വിധികളുടെ അടിസ്ഥാനത്തിലുമാണ് സബ് കോടതികൾ ആരംഭിച്ചത്.

## ആറ്റിങ്ങലിലെ കോടതി സമുച്ചയ നിർമ്മാണം

39 (4370) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ കോടതി സമുച്ചയ നിർമ്മാണത്തിന്റെ അനുബന്ധ പണികൾക്കായി ഫണ്ട് ലഭ്യമാക്കാൻ സമർപ്പിച്ചിരിക്കുന്ന ഫയലിന്മേൽ (File No. 12784/C4/Home) എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) കോടതി സമുച്ചയ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുവാൻ പ്രസ്തുത ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ കോടതി സമുച്ചയത്തിനോട് ചേർന്ന് അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്നതിലേക്കായുള്ള അനുബന്ധ ജോലികൾക്ക് ഹൈക്കോടതിയുടെ ശിപാർശ പ്രകാരം 215 ലക്ഷം രൂപയുടെ ഭരണാനുമതി 20-7-2015-ലെ സ.ഉ. (സാധാ) നമ്പർ 1814/2015/ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly